(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിക്കും മറ്റു മന്ത്രിസഭാംഗങ്ങൾക്കുമായി എത്ര പുതിയ കാറുകൾ വാങ്ങി; ഏതൊക്കെ കാറുകളാണ് വാങ്ങിയത്; ഇതിനായി എന്തു തുക സർക്കാർ ചെലവഴിച്ചു; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മുഖ്യമന്ത്രിയുൾപ്പെടെയുള്ള മന്ത്രിമാർ ടി.എ. ഇനത്തിൽ വിദേശയാത്ര ഒഴികെയുള്ള വിമാനയാത്രക്കൂലി ഉൾപ്പെടെ താൽക്കാലിക കണക്കുപ്രകാരം 1,98,13,781/- രൂപ (ഒരുകോടി തൊണ്ണൂറ്റിയെട്ട് ലക്ഷത്തി പതിമൂവായിരത്തി എഴുന്നൂറ്റി എൺപത്തിയൊന്ന്) രൂപ ചെലവഴിച്ചിട്ടുണ്ട്. ഓരോരുത്തരും ചെലവഴിച്ച തുക സംബന്ധിച്ച സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) 2000 നവംബർ അവസാനം വരെ ആകെ 4,23,89,951/- രൂപ (നാല് കോടി ഇരുപത്തിമൂന്ന് ലക്ഷത്തി എൺപത്തൊൻപതിനായിരത്തി തൊള്ളായിരത്തി അൻപത്തിയൊന്ന് രൂപ മാത്രം) ഓരോരുത്തരേയും സംബന്ധിച്ച കണക്ക് അനുബന്ധം 2-ൽ കൊടുത്തിട്ടുണ്ട്.*

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) 30 കാറുകൾ വാങ്ങിയിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധം 3-ൽ കൊടുത്തിട്ടുണ്ട്.*

3 (6) മുഖ്യമന്ത്രിയുൾപ്പെടെയുള്ള മന്ത്രിമാർ വിവിധയിനങ്ങളിലായി കൈപ്പറ്റിയ തുക

ശ്രീ. കെ. അച്ചുതൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ മന്ത്രിസഭ അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രിയുൾപ്പെടെ ഓരോ മന്ത്രിയും ഗവൺമെന്റ് ചീഫ് വിപ്പും വിവിധയിനങ്ങളിലായി എന്തു തുക പറ്റിയിട്ടുണ്ട്;

(ബി) മുൻഗവൺമെന്റിന്റെ കാലത്ത് ഓരോ മന്ത്രിയും വിവിധയിനങ്ങളിലായി എന്തു തുക വീതം പറ്റിയിട്ടുണ്ട്;

(സി) നിലവിലുള്ള മന്ത്രിസഭയിൽ മുഖ്യമന്ത്രിയുൾപ്പെടെ ഓരോ മന്ത്രിമാരും ഗവൺമെന്റ് ചീഫ് വിപ്പും ടി.എ.,ഡി.എ. ഇനത്തിൽ എന്തു തുക വീതം പറ്റിയിട്ടുണ്ട്;

(ഡി) മുൻഗവൺമെന്റിന്റെ കാലത്ത് ഓരോ മന്ത്രിയും ഗവൺമെന്റ് ചീഫ് വിപ്പും ടി.എ., ഡി.എ. ഇനത്തിൽ എന്തു തുക വീതം പറ്റിയിട്ടുണ്ട്;

(ഇ) നിലവിലുള്ള മന്ത്രിസഭയിൽ മുഖ്യമന്ത്രിയുൾപ്പെടെ ഓരോ മന്ത്രിമാരും ഗവൺമെന്റ് ചീഫ് വിപ്പും പ്രതിമാസ ശമ്പളം അലവൻസ് ഇനത്തിൽ ഒട്ടാകെ എന്തു തുക വീതം പറ്റിയിട്ടുണ്ട്;

---

* അനുബന്ധം VIII (a,b,c).

* അനുബന്ധം 2

* അനുബന്ധം 3

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) മുൻഗവൺമെന്റിന്റെ കാലത്ത് ഓരോ മന്ത്രിമാരും ഗവൺമെന്റ് ചീഫ് വിപ്പും പ്രതിമാസ ശമ്പളം അലവൻസ് ഇനത്തിൽ ഒട്ടാകെ എന്തു തുക വീതം പറ്റിയിട്ടുണ്ട്;

(ജി) മുൻഗവൺമെന്റിന്റെ കാലത്ത് ഓരോ മന്ത്രിമാരും ഗവൺമെന്റ് ചീഫ് വിപ്പും മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ഇനത്തിൽ എന്തു തുക വീതം പറ്റിയിട്ടുണ്ട്;

(എച്ച്) നിലവിലുള്ള മന്ത്രിസഭയിൽ മുഖ്യമന്ത്രിയുൾപ്പെടെ ഓരോ മന്ത്രിമാരും ഗവൺമെന്റ് ചീഫ് വിപ്പും എന്തു തുക വീതം പറ്റിയിട്ടുണ്ട്?

ഉത്തരം

(എ) മുഖ്യമന്ത്രിയുൾപ്പെടെയുള്ള മന്ത്രിമാരും ചീഫ് വിപ്പും ടി.എ., ഡി.എ. എന്നീയിനങ്ങളിലായി താല്ക്കാലിക കണക്കു പ്രകാരം ആകെ 1,16,27,096/- രൂപ (ഒരു കോടി പതിനാറു ലക്ഷത്തി ഇരുപത്തിയേഴായിരത്തി തൊണ്ണൂറ്റിയാറ് രൂപ മാത്രം) പറ്റിയിട്ടുണ്ട്. ശമ്പളത്തിന്റെ വിവരം ശേഖരിച്ചു വരുന്നു.

(ബി) മുൻഗവൺമെന്റുകളുടെ കാലത്ത് മന്ത്രിമാർ ടി.എ.,ഡി.എ. ഇനത്തിൽ താല്ക്കാലിക കണക്കു പ്രകാരം ആകെ 1,13,94,913/- രൂപ (ഒരു കോടി പതിമൂന്നു ലക്ഷത്തി തൊണ്ണൂറ്റിനാലായിരത്തി തൊള്ളായിരത്തി പതിമൂന്നു രൂപ മാത്രം) പറ്റിയിട്ടുണ്ട്..

(സി) താല്ക്കാലിക കണക്കു പ്രകാരം ആകെ 1,16,27,096/- രൂപ (ഒരു കോടി പതിനാറു ലക്ഷത്തി ഇരുപത്തിയേഴായിരത്തി തൊണ്ണൂറ്റിയാറ് രൂപ മാത്രം) പറ്റിയിട്ടുണ്ട്.

(ഡി) മുൻഗവൺമെന്റുകളുടെ കാലത്ത് മന്ത്രിമാരും ചീഫ് വിപ്പും ടി.എ.,ഡി.എ. ഇനത്തിൽ ആകെ 1,21,67,797/- രൂപ (ഒരു കോടി ഇരുപത്തിയൊന്നു ലക്ഷത്തി അറുപത്തിയേഴായിരത്തി എഴുന്നൂറ്റി തൊണ്ണൂറ്റി ഏഴ് രൂപ മാത്രം) പറ്റിയിട്ടുണ്ട്.

(ഇ-എച്ച്) കൃത്യമായ കണക്കു ലഭ്യമല്ല. ശേഖരിച്ചു വരുന്നു.

4 (7) കേന്ദ്രഗവൺമെന്റിന് നൽകിയ നിവേദനങ്ങൾ

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തിന്റെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് കേന്ദ്രഗവൺമെന്റിന് എത്ര നിവേദനങ്ങൾ നല്കിയിട്ടുണ്ട്;

(ബി) പ്രസ്തുത നിവേദനങ്ങളിൽ ആവശ്യപ്പെട്ട കാര്യങ്ങൾ എന്തെല്ലാമായിരുന്നു;

(സി) അതിൽ ഏതെല്ലാം കാര്യങ്ങളാണ് കേന്ദ്ര സർക്കാർ അംഗീകരിച്ചത് എന്ന് വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly